# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2297 08.07.2015-ൽ മറുപടിക്ക്

## അമൃതം ആരോഗ്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. റ്റി. ജോർജ് :<br>,, സി. പി. മുഹമ്മദ് :<br>,, സണ്ണി ജോസഫ് :<br>,, എം. പി. വിൻസെന്റ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അമൃതം ആരോഗ്യം പദ്ധതി എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും വർദ്ധിച്ച് വരുന്ന ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'.<br>ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 'അമൃതം ആരോഗ്യം' ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. എ.പി.എൽ /ബി.പി.എൽ തരംതിരിവോ, മറ്റ് മാനദണ്ഡങ്ങളോ ഈ സേവനം ലഭിക്കുന്നതിന് ബാധകമല്ല. ഇതിനു പുറമേ ഓരോ പ്രത്യേക ജനവിഭാഗത്തിനും അവർക്ക് അനുയോജ്യമായ പദ്ധതികളും അമൃതം ആരോഗ്യത്തിന് കീഴിൽ നടന്നുവരുന്നു.<br>സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിയ 'ലീപ്' (LEAP), പോലീസ് സേനയ്ക്കായി നടപ്പിലാക്കിയ 'ഷേപ്പ്' (SHAPE), തൊഴിൽ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി 'വർക്ക് പ്ലേസ് ഇന്റർവെൻഷൻ' തുടങ്ങിയ പദ്ധതികൾ ഓരോ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടിയുള്ളതാണ്.<br>ആശ (ASHA), കുടുംബശ്രീ, ആരോഗ്യ പ്രവർത്തകർ എന്നിവരിലൂടെ ബോധവൽക്കരണവും ആരോഗ്യ വിദ്യാഭ്യാസവും നടത്തി വരുന്നു. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (ബി) | 30 (മുപ്പത്) വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും, ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് |

ചികിത്സയും മരുന്നും സൗജന്യമായി നൽകുക. അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും, രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും, നേരത്തെ ചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

(സി) ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ഈ പദ്ധതി കാര്യക്ഷമമായി അവലോകനം ചെയ്യുന്നുണ്ട്. എല്ലാ മാസവും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും സംസ്ഥാനതലത്തിൽ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിലും അവലോകനം ചെയ്തു വരുന്നു. ആരോഗ്യ മന്ത്രി, ഹെൽത്ത് സെക്രട്ടറി, മിഷൻ ഡയറക്ടർ എൻ.എച്ച്.എം, ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ എന്നിവർ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. അമൃതം പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗ് സംസ്ഥാന തലത്തിൽ നടത്തി വരുന്നു. ഇതു കൂടാതെ ആരോഗ്യ സ്ഥാപനങ്ങളിൽ പദ്ധതി വിലയിരുത്താൻ നേരിട്ടുള്ള 'സർപ്രൈസ് ഇൻസ്പെക്ഷനുകളും ' നടത്തി വരുന്നു.

(ഡി) എല്ലാവിധ രോഗങ്ങളും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുമോയെന്ന് വ്യക്തമാക്കുമോ ?

(ഡി) ഈ പദ്ധതിയുടെ കീഴിൽ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ രോഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

✓

സെക്ഷൻ ഓഫീസർ